വേനൽക്കുറിപ്പുകൾ -3

# കിളിച്ചുണ്ടൻ മാമ്പഴമേ.....

## സുധീർ പണിക്കവീട്ടിൽ

എന്തൊരു ചൂട്! എന്തൊരു തണുപ്പ്! ഓരോ കലാവസ്ഥയിലും മലയാളിക്ക് ഇങ്ങനെയുള്ള പരാതികളാണു്. എന്നാൽ എത്ര മനോഹരമായ ദിവസം, എന്ന് വളരെ ചുരുക്കം പേരേ പറയാറുള്ളു. വെയിൽ ഒരു വർണ്ണമയൂഖത്തെപോലെ പീലി വിരിച്ച് നിൽക്കുന്നു, മഴത്തുള്ളികൾ പുതുമണ്ണിൽ തുള്ളികളിക്കുന്നു, പ്രക്രുതി, മനോഹരി, സുന്ദരി എന്നൊക്കെ എഴുത്തുകാർ എഴുതുമ്പോൾ അതൊക്കെ അവരുടെ "വട്ട്" എന്ന് പറഞ്ഞ് സാധാരണ മനുഷ്യർ സ്വയം ന്യായീകരിക്കുന്നു. അനശ്വര നാടകക്രുത്തും, കവിയുമായ ഷേയ്ക്ക്സ്പിയർ കവിയും, കാമുകനും, ചിത്തഭ്രമമുള്ളവനും ഒരേപോലെ ചിന്തിക്കുന്നുവെന്ന് പറഞ്ഞിട്ടുണ്ട്. ഭാവനയുടെ അതിഭാവുകത്വത്തിൽ രമിക്കുന്നവരാണു അവർ എന്ന് അദ്ദേഹം പറഞ്ഞത് വായനക്കാർ ശരി വച്ചിട്ടുണ്ട്. ആ വിഭാഗത്തിൽ അദ്ദേഹവും പെടുന്നുവെന്നതാണു വിചിത്രം. അത്കൊണ്ട് ഇംഗ്ലീഷ് ഭാഷക്ക് അതുല്യങ്ങളായ ക്രുതികൾ ലഭിച്ചു. എഴുത്തുകാരെ അലട്ടുന്ന ഒരു അസ്കതയാണ് പ്രേമം. പ്രക്രുതി പലപ്പോഴും അതിനെ പ്രോത്സാഹിപ്പിക്കുന്നു. അന്തിവാനിൽ ഒറ്റക്ക് ഉദിച്ച് നിൽക്കുന്ന ചന്ദ്രലേഖ വിരഹിണിയായ ഒരു അപ്സരസ്സാണെന്ന് കവിക്ക് തോന്നുന്നു. അവൾ വിപ്രലംഭശ്രുംഗാര ന്രുത്തമാടാൻ വരുന്നു എന്നദ്ദേഹം എഴുതുന്നു. അദ്ദേഹത്തിൻെറ പിൻഗാമികൾക്കും അത്തരം ദ്രുശ്യങ്ങളിൽ ഉന്മാദലഹരി അനുഭവപ്പെടുന്നു.

സ്വർണ്ണം ഉരുകി വീഴുന്നപോലെയുള്ള വെയിലിൻെറ സൗന്ദര്യം ആസ്വദിച്ച് നിൽക്കുമ്പോൾ ഞാൻ ഷേയ്ക്സ്പിയറുടെ കവിത ഓർമ്മിക്കുന്നു. നിന്നെ ഞാനൊരു വേനൽകാല ദിന ത്തോട് ഉപമിക്കട്ടെ എന്ന വരികൾ. പക്ഷെ ഈ കവിതയിൽ അദ്ദേഹം വേനലിൻെറ കുറവുകൾ നിരത്തി യുവത്വത്തിനെ അല്ലെങ്കിൽ തൻെറ കാമുകിയെ വർണ്ണിക്കുന്നു. അവസാനം പറയുന്നു അവർ ഈ വരികളിലൂടെ ജീവിക്കുമെന്ന്. തൻെറ രചനകൾ കാലങ്ങളെ ജയിച്ച്കൊണ്ട് ആസ്വാദകമനസ്സുകളിൽ ജീവിക്കുമെന്നുമാണു് ഷെയ്ക്സ്ഫിയർ ഉദ്ദേശിച്ചത് എന്ന് വായനകാർക്ക് ചിന്തിക്കാവുന്നതാണു്.

കവിയും,കാമുകനും, ഭ്രാന്തനും ഒരേ വിഭാഗത്തിൽ പെടുന്നത്കൊണ്ട് സാഹിത്യത്തിനും നേട്ടങ്ങൾ ഉണ്ടാകുന്നു. ഈ വരികൾ ഷേയ്ക്സ്ഫിയർ എഴുതിയത് മിഡ്സമ്മർ നൈറ്റ്സ് ഡ്രീം എന്ന നാടകത്തിലാണെന്നുള്ളത് ഓർക്കേണ്ടതാണു്. ഒരു മധ്യവേനൽ സ്വപനം പോലെ ചില കാര്യങ്ങൾ നമ്മളെ സ്വാധീനിക്കുന്നു, ആഹ്ലാദിപ്പിക്കുന്നു. വിദ്യാർഥി ജീവിത കാലത്തെ മധ്യവേനൽ അവുധി ഒരാൾക്കും മറക്കാൻ കഴിയില്ല. സ്പനം വിടരുന്ന മിഴികളുമായി സുന്ദരിമാർ നൽകിയ കടാക്ഷങ്ങളെ മനസ്സിൽ സൂക്ഷിക്കുമ്പോൾ കാഞ്ചിപുരം സാരി ചുറ്റിയ

യുവതിയെപോലെ വേനൽ ദിനങ്ങൾ ഓരോന്നായി കടന്ന് വരുന്നു. ചന്ദനക്കുറിയിട്ട ഒരു പാവാടക്കാരി കയ്യിൽ പാൽപ്പാത്രവുമായി ദൂരെ നിന്നും നടന്നു വരുന്നു. കൗമാരം വിട്ട അവളുടെ പ്രായത്തിനു കോളേജ്കുമാരനോട് ആരാധനയാണ്, ആദരവാണു്. കണ്മഷി പടർന്ന മിഴികളോടെ അവൾ അയാളെ നോക്കുമ്പോൾ നനവാർന്ന അവളുടെ ചുണ്ടുകളിൽ നിന്ന് തേന്മയമുള്ള വാക്കുകൾ വഴുക്കി വീഴുന്നു. അവൾക്ക് പ്രേമത്തിന്റെ മഹത്വവും തൊന്തരവുമറിഞ്ഞ്കൂടാ. ഞാനെത്ര നേരമായി ഈ ജാലകവാതിൽക്കൽ നിൽക്കുന്നു. അതാണവളുടെ പരിഭവം. പുലരിതുടിപ്പുള്ള അവളുടെ കവിളിൽ അനുരാഗചന്ദനം പരക്കുന്നു. പ്രതിദിനം ഓരോ കടങ്കഥകളുമായി വരുന്ന അവൾക്ക് ആംഗലസാഹിത്യത്തിലെ നായികമാരെ കുറിച്ചറിയാൻ മോഹം. നാട്ടിൻപുറത്തിന്റെ ശാലീനത മുഴുവൻ കവർന്നെടുത്ത് ഇളവെയിൽ പോലെ അവളും മനസ്സിൽ ആനന്ദം നിറയ്ക്കുന്നു. ചെമ്പരുത്തി സിനിമയിലെ ശോഭന (റോജ രമണി) അവതരിപ്പിച്ച കഥാപാത്രത്തെപോലെ നിർമ്മലയായ അവളുടെ മുന്നിൽ ഈ വിശ്വം മുഴുവൻ വെളുത്താണിരിക്കുന്നത്. കളിപ്പാൻ കുളങ്ങരെ കടിഞ്ഞൂൽ പെറ്റു കന്നിചെമ്പരുത്തിയെന്ന് നിഷകളങ്കയായി പാടി നടക്കുന്ന ഒരു ചിത്രശലഭം. ഒരു ഇളങ്കാറ്റ് അത് വഴി വന്ന് അവളുടെ മുടിയിലെ എള്ളെണ്ണയുടെ മണം അവിടമെല്ലാം പരത്തുന്നു. ആ സുന്ദരിയെ നോക്കി കിളിചുണ്ടൻ മാമ്പഴമേ, കിളി കൊത്താ തേൻപഴമേ... എന്ന് മനസ്സ് ഉരുവിടുമ്പോൾ കവിയും, ഭ്രാന്തനും, കാമുകനും എന്ത് വ്യത്യാസം എന്നു സ്വയം മനസ്സിലാക്കുന്നു. അവൾ അരികിൽ വരുമ്പോൾ ഇംഗ്ലീഷ് സാഹിത്യക്ലാസ്സിലെ പാഠങ്ങൾ എനിക്ക് കൂടുതൽ സുതാര്യമാകുന്നുവെന്ന് അറിയിക്കുമ്പോൾ അവൾ മിറാൻഡയാകുന്നു, ഡസ്ഡിമോണയാകുന്നു, കോർഡിലിയയാകുന്നു, ഹെർമിയയും, ഹെലേനയുമാകുന്നു, ജൂലിയയും, ജൂലിയറ്റും, ഹിപ്പൊലൈറ്റ്യും, ഇസ്ബെല്ലയുമാകുന്നു. ഋതുക്കളിലൂടെ കാലം മനുഷ്യനു പകർന്ന് കൊടുക്കുന്നത് പ്രേമമെന്ന സൗന്ദര്യം. വയലാറിന്റെ വരികൾ കടമെടുത്ത് ഒന്ന് ഭേദഗതി ചെയ്യുകയാണു്. സ്വർഗ്ഗദീപാവലി നീ വന്നു കൊളുത്തും സൗന്ദര്യം എന്തൊരു സൗന്ദര്യം കാലമേ, ഇനിയെത്ര ജന്മങ്ങൾ കഴിഞ്ഞാലും ഈ സൗന്ദര്യം കവിക്കും, കാമുകനും ഉന്മാദിക്കും മാത്രം. മനസ്സിനു വയസ്സാകുന്നില്ല. വയസ്സ് ശരീരത്തിനു മാത്രം. ഒരു പുഴയൊഴുകുമ്പോലെ ശാന്തമായി ഓർമ്മകൾ ഞൊറിവച്ചുടുത്ത് കണ്മുന്നിലൂടെ മന്ദം മന്ദം നീങ്ങുന്നു.

അമേരിക്കയിൽ വേനൽകാലം സമൃദ്ധിയുടെ കാലം കൂടിയാണു്. പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, പാനീയങ്ങൾ, അങ്ങനെ കൊതിയൂറുന്ന ഒത്തിരി വിഭവങ്ങൾ, പനിനീർപ്പൂക്കൾ, പച്ചപ്പുല്ലുകൾ, പത്തരമാറ്റിൽ ഉദിച്ച് നിൽക്കുന്ന വെയിൽ, ആറി തണുത്ത രാവിന്റെ മാദകത്വം, നക്ഷത്രദീപങ്ങൾ, നീണ്ടപകലുകൾ, കുറിയ രാത്രികൾ. വർഷമേഘ സുന്ദരിമാർ കുടം കമഴ്ത്തി ഭൂമിദേവിയെ പൂജിക്കുന്ന ജലാർച്ചന. നനഞ്ഞ വെയിലിന്റെ കോടിമുണ്ടുകൾ ഉണങ്ങുന്ന കുളിരുള്ള പകലുകൾ. ഋഗ്വേദം അനുസരിച്ച് വർഷ ഋതുവിനു മുമ്പുള്ള ഒമ്പത് മാസങ്ങൾ സൂര്യൻ സമുദ്ര ജലം കുടിക്കുകയും അതിനു ശേഷം വരുന്ന മൂന്നു മാസങ്ങളിൽ ആ ജലം മഴയായി വർഷിക്കയും ചെയ്യുന്നുവെന്നാണു. ഗ്രീഷ്മ ഋതുവിൽ ദാഹജലത്തിനായി മനുഷ്യർ വിഷമിക്കുന്നപോലെ പക്ഷികളും ആ ദുരിതം അനുഭവിക്കുന്നു എന്നുകാണിക്കുന്ന സംസ്ക്രുത ശ്ലോകങ്ങൾ ഉണ്ടു. ഒരുദാഹരണം "ദാഹിച്ച് വലഞ്ഞ ഒരു കുഞ്ഞുതത്ത ഒരു സുന്ദരിയുടെ മാർവ്വിടങ്ങൾക്ക് മുകളിൽ ചേക്കേറി അവളുടെ മുത്തുമാലയിലെ മുത്തുകൾ ജലബിന്ദുക്കളാണെന്നു ധരിച്ച് മുത്തിക്കുടിക്കുന്നു." പ്രചണ്ഡതാപം മൂലം ഉണ്ടാകുന്ന നീരാവിയുടെ ഈർപ്പം കൊണ്ട് ഇടിയും മിന്നലുമായി മഴപെയ്യുമ്പോൾ ആകാശവിതാനത്ത് കാണുന്ന മഴവില്ല് നയനാനന്ദകരമാണു.

പക്ഷിമ്രുഗാദികളും വേനൽമാസം അവരുടെ ഉത്സവകാലമായി കരുതി ആനന്ദിക്കുന്നു.

സായാ□ സവാരിക്കിറങ്ങുമ്പോൾ നേരെ വരുന്ന സായിപ്പിന്റെ കുശലം. എത്ര മനോഹരമായ ദിവസമായിരുന്നു ഇന്ന്. പകലൊടുങ്ങുന്ന ത്രിസന്ധ്യയിൽ ദീപങ്ങൾ കൊളുത്തി ഈശ്വരനെ വന്ദിക്കുന്നവർ. അവർ ഉരുവിടുന്ന മന്ത്രോച്ചാരണങ്ങളിൽ നാട്ടിലെ തുളസി സുരഭില യാമങ്ങളുടെ ഓർമ്മകൾ. ഉഷസ്സോ സന്ധ്യയോ സുന്ദരിയെന്ന് ചോദിച്ച കവിയുടെ കാൽപ്പാടുകൾ പിൻ തുടരുമ്പോൾ പുലർകാല മേഘങ്ങളിൽ ഉഷസ്സിന്റെ അരുണിമ. അത് കണ്ട് കടത്തുനാട് മാധവിയമ്മ എന്ന കവയിത്രിക്ക് സംശയം. നുകം വച്ച് തൊലി അടർന്ന്പോയ വെള്ളക്കാളകളുടെ കഴുത്താണൊ അങ്ങ് ആകാശത്ത് കാണുന്നത് എന്ന്. ഭാവനാശാലികളായ എഴുത്തുകാർ ഭാഷയ്ക്കും ആസ്വാദക മനസ്സുകൾക്കും എന്തെല്ലാം ഒരുക്കി വച്ചു, വച്ച് കൊണ്ടിരിക്കുന്നു

മിഡ്സമ്മർ നൈറ്റ്സ് ഡ്രീം എന്ന നാടകത്തിൽ (അങ്കം അഞ്ച്, രംഗം ഒന്ന്) വിവാഹിതയാകാൻ പോകുന്ന രാജ്ഞി തന്റെ പ്രതിശ്രുത പതിയോട് പറയുന്നത് ഈ കമിതാക്കൾ പറയുന്നതെല്ലം വിചിത്രമെന്നാണ്. അപ്പോൾ അദ്ദേഹത്തിന്റെ മറുപടിയിലാണു കവിയും, കാമുകനും ഭ്രാന്തനും ഒരേപോലെ ചിന്തിക്കുന്നവർ എന്ന ഈ പരാമർശം. കവികൾ അപസ്മാര രോഗികളെപോലെ ചുറ്റുപാടും നോക്കി ഒരിക്കലും ഇല്ലാത്ത കാര്യങ്ങൾ എഴുതുന്നു. പ്രണയികൾ വിരൂപിയായ ഒരു പെണ്ണിനെ നോക്കി ഏറ്റവും ആകർഷകയായവൾ എന്നു ചിന്തിക്കുന്നു. ഇവരെല്ലാം തീവ്രമായ സർഗ്ഗശക്തിയുള്ളവരാണ്, അവർക്ക് സന്തോഷം വരുമ്പോൾ ഏതൊ അഭൗമ ശക്തി അവർക്കായി അത് കൊണ്ട് വന്നതെന്ന് അവർ വിശ്വസിക്കുന്നു. രാത്രിയിൽ ചുള്ളിക്കാട് കണ്ട് അത് ഉഗ്രമായ ഒരു കാട്ടിൽ നിൽക്കുന്ന കരടിയാണെന്നും ഭാവന ചെയ്യുന്നു. ഭാവനാശക്തിയില്ലാത്തവർ ഈ ലോകത്തെ പ്രായോഗികമായും തുറന്നും കാണുന്നു. ഭാവനാശക്തി പ്രായോഗികതയെ കുറിച്ചുള്ള ഒരാളുടെ കാഴ്ച്ചപ്പാട്, ഈ ലോകം, അതിനെ ചുറ്റിപ്പറ്റിയുള്ള എല്ലാം മാറ്റുന്നു. "ഭാവന നമ്മളെ ഇല്ലാത്ത ഒരു ലോകത്തേക്ക് കൊണ്ട് പോകുന്നു. എന്നാൽ അത് കൂടാതെ നമുക്ക് ഒരിടത്തും പോകാൻ കഴിയില്ല". വെയിൽ പൊന്നുരുക്കിയാലും, പുഷ്പങ്ങൾ സുഗന്ധവും മധുവും നൽകിയാലും, ഇളംകാറ്റിൽ കൊച്ചോളങ്ങൾ ഞൊറി വച്ച് ഒരുങ്ങിയാലും, കിളികൾ ചിലച്ചാലും, പാടിയാലും, നമുക്ക് ചുറ്റും സൗന്ദര്യദ്രുശ്യങ്ങൾ അരങ്ങേറിയാലും അതൊന്നും കാണാൻ കഴിഞ്ഞില്ലെങ്കിൽ കണ്ണുകൾ കൊണ്ട് എന്തു പ്രയോജനം. കണ്ണുകൾ കാണുന്നുണ്ടെങ്കിലും അവയെ കുളിർപ്പിക്കുന്നത് ഭാവനയുടെ ചിറകിൽ അവ സഞ്ചരിക്കുമ്പോഴാണ്. പ്രക്രുതി നമുക്കായി ഒരുക്കുന്ന ഋതുക്കളിൽ പങ്ക് ചേരുക, അവളെ പ്രേമിക്കുക.

പ്രക്ര്തിയെ വേറിട്ടൊരു ജീവിതമുണ്ടൊ നരനു
പ്രക്രുതിയല്ലോ ഈശ്വരൻ പ്രക്രുതിയെ സ്നേഹിക്കും
മനുജനു എന്നും നന്മകളെ വരൂ....

**(വേനൽ കുറിപ്പുകൾ തുടരും)**

ശുഭം